പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4007 — 11.11.2019 -ൽ മറുപടിക്ക്.

## വാതിൽപ്പടി വിതരണ സംവിധാനം

| ചോദ്യം<br>ശ്രീ.എ.പി. അനിൽ കമാർ | മറുപടി<br>ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
|---|---|
| (എ) റേഷൻ സാധനങ്ങൾ റേഷൻ കടകളിൽ നേരിട്ട് എത്തിക്കുന്ന വാതിൽപ്പടി വിതരണ സംവിധാനം കുറ്റമറ്റതും അഴിമതിരഹിതവും ആക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; അത് ഫലപ്രദമാണോ ;<br><br>(ബി) വാതിൽപ്പടി വിതരണത്തിന് ഉപയോഗിക്കുന്ന വാഹനങ്ങളിൽ ജി.പി.എസ് സംവിധാനം ഏർപ്പെടുത്തുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ് ; | (എ) & (ബി) വാതിൽപ്പടി വിതരണം നടത്തുമ്പോൾ റേഷൻ കടകളുടെ വാതിൽപ്പടിയിൽ കൃത്യമായി തൂക്കം ബോധ്യപ്പെടുത്തി നല്കണമെന്ന് പുതിയ ട്രാൻസ്പോർട്ടിംഗ് കോൺട്രാക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എല്ലാ റേഷൻ കടകളിലും തൂക്കം ബോധ്യപ്പെടുത്തിയാണ് വാതിൽപ്പടി വിതരണം നടത്തിയത് എന്ന് താലൂക്ക് സപ്ലൈ ഓഫീസർ/ സിറ്റി റേഷനിംഗ് ഓഫീസർ സർട്ടിഫിക്കറ്റ് നല്കിയാൽ മാത്രമേ ട്രാൻസ്പോർട്ടിംഗ് ചാർജ്ജ് ഇനത്തിലുള്ള തുക അനുവദിച്ച് നല്കാവൂ എന്ന് സപ്ലൈകോയ്ക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വാതിൽപ്പടി വിതരണം നടത്തുമ്പോൾ തൂക്കം ബോധ്യപ്പെടുത്തി നല്കി തത്സമയം റേഷൻ വ്യാപാരിയിൽ നിന്ന് ബില്ലിൽ ഒപ്പ് വാങ്ങുകയും പിന്നീട് താലൂക്ക് സപ്ലൈ ഓഫീസർ/ സിറ്റി റേഷനിംഗ് ഓഫീസർമാരുടെ സാക്ഷ്യപത്രം ലഭ്യമാക്കുകയും ചെയ്തതിനു ശേഷം മാത്രമാണ് കടത്തുകരാറുകാരന് സപ്ലൈകോ പേയ്മെന്റ് നല്കുന്നത്. കൂടാതെ ഗോഡൗണിൽ നിന്ന് ഭക്ഷ്യധാന്യ ചോർച്ച ഉണ്ടാകാതിരിക്കാൻ ഭക്ഷ്യധാന്യം എഫ്.സി.ഐ യിൽ നിന്നും എൻ.എഫ്.എസ്.എ ഗോഡൗണിലേക്കും അവിടെ നിന്ന് റേഷൻ കടകളിലേയ്ക്കും എത്തിച്ചു നല്കുന്ന ലോറികളിൽ ജി.പി.എസ് ഘടിപ്പിക്കുന്നതിനും എൻ.എഫ്.എസ്.എ ഗോഡൗണുകളിൽ വെബ് ക്യാമറയും സി.സി.ടി.വിയും സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സപ്ലൈകോ തലത്തിൽ സ്വീകരിച്ചു വരുന്നു. ജി.പി.എസ് എനേബിൾഡ് വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനായി സപ്ലൈകോ മുഖാന്തിരം Expression of Interest (താല്പര്യപത്രം) തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതും ആയത് സർക്കാർ പരിശോധിച്ചു വരികയുമാണ്. |

| | | | |
|---|---|---|---|
| (സി) | ലൈസൻസികളെ ഒഴിവാക്കി സിവിൽ സപ്ലൈസ് കോർപ്പറേഷൻ നേരിട്ട് റേഷൻ കടകൾ നടത്തുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ? | (സി) | ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി 29.07.2019 ൽ വിളിച്ചു ചേർത്ത യോഗത്തിൽ സംസ്ഥാനത്ത് റേഷൻ കടകൾ റദ്ദ് ചെയ്യുമ്പോൾ തൊട്ടടുത്ത കടകളോട് കൂട്ടിച്ചേർക്കുന്ന രീതി നിർത്തി സപ്ലൈകോയ്ക്ക് താല്ക്കാലിക ചുമതല നല്കുവാനും സ്ഥിരമായി റദ്ദു ചെയ്ത സാധ്യമായവ സപ്ലൈകോയോട് കൂട്ടിച്ചേർക്കുവാനും തത്വത്തിൽ തീരുമാനിച്ചിരുന്നു. സ്ഥിരമായി റദ്ദു ചെയ്യുന്ന റേഷൻ ഡിപ്പോകൾ ഏറ്റെടുത്ത് പ്രവർത്തിക്കുവാൻ താല്പര്യമുള്ളവരിൽ നിന്നും അപേക്ഷ ലഭിക്കാത്ത സാഹചര്യത്തിലാണ് ടി ഡിപ്പോകളുടെ ലൈസൻസുകൾ സപ്ലൈകോയ്ക്ക് നല്കുന്ന കാര്യം ആലോചനയിലുള്ളത്. ഇക്കാര്യം നടപ്പിൽ വരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ